## വി. ചാവറ പിതാവിനോടുള്ള

## നൊവേന

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവമേ ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു, സ്തുതിക്കുന്നു. നന്ദിപറയുന്നു. കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസൃതം ജീവിതത്തെ വേണ്ടവിധം ക്രമപ്പെടുത്തി ദൈവോന്മുഖരായി ജീവിച്ച അനേകം വിശുദ്ധാത്മാക്കളെ മാതൃകയും പ്രചോദനവുമായി ക്രൈസ്തവരായ ഞങ്ങൾക്കേവർക്കും നൽകുന്ന സ്വർഗ്ഗീയ പിതാവേ ഞങ്ങളങ്ങയെ സ്തുതിക്കുന്നു. ദൈവപിതാവിന്റെ പരിപാലനയിൽ പ്രത്യാശയർപ്പിച്ചും ഈശോയുടെ കരുണാ സ്നേഹം അനുഭവിച്ചും പരിശുദ്ധാത്മാവിന്റെ നിമന്ത്രണങ്ങൾ ശ്രവിച്ചും, പരിശുദ്ധ അമ്മയെപ്പോലെ തിരുഹിതം നിറവേറ്റിയും തിരുസഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ജീവിക്കുകയും ചെയ്ത വി. ചാവറ പിതാവിനെപ്പോലെ സദാ ദൈവതിരുമുമ്പിൽ ദൈവേഷ്ടം നിറവേറ്റി വിശുദ്ധിയിൽ ജീവിക്കുവാൻ ഞങ്ങളേയും പഠിപ്പിക്കണമേ. പരിശുദ്ധാത്മാവിന്റെ വരദാനഫലങ്ങളാൽ അലംകൃതനായിരുന്ന പുണ്യപിതാവേ, ആത്മാവിന്റെ നിമന്ത്രണങ്ങൾക്കൊത്ത് ആത്മരക്ഷയ്ക്കായി യത്നിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. ദിവ്യകാരുണ്യ നാഥനെ സ്വന്ത അപ്പനായി അനുഭവിച്ച അങ്ങേ ആത്മാനുഭവം ഞങ്ങളും സ്വന്തമാക്കുവാൻ അതിയായി ആഗ്രഹിക്കുന്നു. ജപധ്യാനത്തിന്റേയും പരിത്യാഗത്തിന്റേയും പാതയിലൂടെ ധ്യാനകർമ്മയോഗത്തിൽ പക്വത പ്രാപിക്കുവാനും സദാകത്തിജ്വലിക്കുന്ന ദൈവസന്നിധിയിലെ കെടാവിളക്കുപോലെ, അങ്ങേക്കായി...

ദൈവസ്നേഹത്തെപ്രതി ജ്വലിച്ചെരിയാനും പ്രകാശം പരത്തു-
വാനും ഞങ്ങളെ ശക്തിപ്പെടുത്തി അനുഗ്രഹിക്കണമേ.
പ്രത്യേകമായി ഇപ്പോൾ ഞങ്ങൾ അപേക്ഷിക്കുന്ന ഈ
അനുഗ്രഹം ........ വി. ചാവറപിതാവിന്റെ മാദ്ധ്യസ്ഥതയാൽ
ദൈവഹിതാനുസൃതം നിറവേറ്റി തരണമെയെന്ന് ഞങ്ങൾ
പ്രാർത്ഥിക്കുന്നു. നിത്യം പിതാവും പുത്രനും പരിശുദ്ധാ-
ത്മാവുമായ സർവ്വേശ്വരാ എന്നേക്കും...

ആമ്മേൻ.